# Desabhimani
## 26 July 2018
## Kochi, Idamalayar Dam, Water Level Rising

# ഇടമലയാർ അണക്കെട്ടും നിറയുന്നു

- ഷട്ടറുകൾ നാലുദിവസത്തിനകം തുറക്കാൻ സാധ്യത
- തീരത്തുള്ളവർ ജാഗ്രത പാലിക്കണം



ഇടമലയാർ അണക്കെട്ട്

**സ്വന്തം ലേഖകൻ**

**കൊച്ചി**

സംഭരണശേഷിയിൽ സംസ്ഥാനത്തെ രണ്ടാമത്തെ അണക്കെട്ടായ ഇടമലയാർ ഡാമും നിറയുന്നു. അണക്കെട്ടിന്റെ ഷട്ടറുകൾ നാലുദിവസത്തിനകം തുറക്കാൻ സാധ്യതയുള്ളതിനാൽ ഇടമലയാറിന്റെയും പെരിയാറിന്റെയും തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് എറണാകുളം കലക്ടർ കെ മുഹമ്മദ് വൈ സഫിറുള്ള അറിയിച്ചു. ആദ്യ മുന്നറിയിപ്പ് വ്യാഴാഴ്ച രാത്രി നൽകിയിരുന്നു.

169 മീറ്ററാണ് അണക്കെട്ടിന്റെ പരമാവധി ജലനിരപ്പ്. ബുധനാഴ്ച വൈകിട്ട് നാലിന് 164.5 മീറ്റർ കവിഞ്ഞു. 165ലാണ് ആദ്യ മുന്നറിയിപ്പു നൽകുന്നത്. രാത്രി 12 ഓടെ 165 മീറ്റർ കവിയുമെന്നതിനാലാണ് മുൻകൂട്ടി മുന്നറിയിപ്പ് നൽകിയത്. 167ൽ രണ്ടാമത്തെ മുന്നറിയിപ്പ് നൽകും. 169 മീറ്റർ എത്തിയാൽ ഷട്ടർ തുറക്കും. ഇതേ നിലയിൽ നീരൊഴുക്ക് തുടർന്നാൽ നാലുദിവസത്തിനുള്ളിൽ സംഭരണി തുറന്നുവിടേണ്ടി വരുമെന്ന് ഡാം അധികൃതർ പറഞ്ഞു.

ഇടമലയാറിനു മുകളിലുള്ള തമിഴ്നാടിന്റെ നീരാർ ഡാമുകളിലും സംഭരണശേഷി കവിഞ്ഞിരിക്കുകയാണ്. അവിടത്തെ വെള്ളം അപ്പർ ഷോളയാറിലേക്കും ഇടമലയാറിലേക്കും ഒഴുക്കാൻകഴിയും. അപ്രതീക്ഷിതമായി തമിഴ്നാട് ഇടമലയാറിലേക്ക് വെള്ളം ഒഴുക്കിയാൽ അടുത്തദിവസംതന്നെ അണക്കെട്ട് നിറയാനും സാധ്യതയുണ്ട്.

ഇടുക്കി അണക്കെട്ട് കഴിഞ്ഞാൽ കൂടുതൽ സംഭരണശേഷിയുള്ള ഡാമാണിത്. 1090 ദശലക്ഷം ക്യുബിക് മീറ്റർ ജലം സംഭരിക്കുന്ന അണക്കെട്ടിന്റെ റിസർവോയറിന് 27 കിലോമീറ്റർ നീളമുണ്ട്. 75 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള വൈദ്യുതപദ്ധതിയിൽ ഇപ്പോൾ ശേഷി മുഴുവൻ ഉപയോഗപ്പെടുത്തുന്നുണ്ട്. 6.5 ദശലക്ഷം ക്യുബിക് മീറ്റർ വെള്ളമാണ് ഇതിനു വേണ്ടിത്. എന്നാൽ നിലവിൽ 39.94 ദശലക്ഷം ക്യുബിക് മീറ്റർ വെള്ളം സംഭരണിയിലേക്ക് ഒഴുകിയെത്തുന്നു. ആ കണക്കുവച്ചു നോക്കിയാൽ തിങ്കളാഴ്ചയോടെ സംഭരണി തുറക്കേണ്ടിവരും.

ഇതിനുമുമ്പ് 2013ലാണ് ഇടമലയാർ അണക്കെട്ട് തുറന്നത്. പെരിയാറിലേക്കാണ് ഈ വെള്ളം എത്തുന്നത്. അന്ന് പെരിയാറിന്റെ തീരപ്രദേശങ്ങൾ വെള്ളത്തിലായി. അത്തരം സന്ദർഭം ഉണ്ടാകാതിരിക്കാനും മുൻകരുതലെടുക്കുന്നുണ്ട്. എന്നാൽ പെരിയാറിലെ ജലനിരപ്പ് ഉയർന്നുനിൽക്കുന്നത് ആശങ്കയുണ്ടാക്കുന്നുണ്ട്. പെരിങ്ങൽകുത്ത് ഡാം തുറന്നത് മൂവാറ്റുപുഴയാറിലെ ജലനിരപ്പും ഉയർത്തിയിട്ടുണ്ട്.